# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 17. 12. 2012 - ൽ മറുപടിക്ക്

നമ്പർ: 2003

### അഴിമതി തടയുന്നതിന് നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ഡോ:ടി.എം.തോമസ് ഐസക് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) ''അഴിമതി ഇത്രയേറെ വ്യാപകമായ ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ലെന്ന് '' ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ ) ''ഇന്ത്യയിൽ അഴിമതി ഇത്രയേറെ വ്യാപകമായ കാലഘട്ടം മുമ്പുണ്ടായിട്ടില്ല'' എന്ന് മുൻ ചീഫ് സെക്രട്ടറി ശ്രീ.കെ.ജയകുമാർ സി.അച്യുതമേനോൻ ജന്മശതാബ്ദിപ്രഭാഷണ പരമ്പരയിൽ പറഞ്ഞതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അഴിമതി വ്യാപകമാകാനിടയായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി & സി) കേരളത്തിൽ ഭരണ സംവിധാനത്തിൽ അഴിമതി വ്യാപകമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഭരണ സംവിധാനത്തിൽ ഏത് തലത്തിലാണ് അഴിമതി വ്യാപിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | |
| (ഡി) അഴിമതി തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (ഡി) അഴിമതി തടയുന്നതിൻെറ ഭാഗമായി പരാതിക്കാർക്ക് നേരിട്ട് ബന്ധപ്പെടുന്നതിനായി ഓരോ ജില്ലയിലെയും അഴിമതി നിരോധന വകുപ്പ് യൂണിറ്റ് മേധാവികളുടെ മേൽവിലാസവും ടെലിഫോൺ നമ്പരുകളും എല്ലാ സർക്കാർ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്താറുണ്ട്. സർക്കാർ ഉദ്യോഗസ്ഥരെയും പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയും കുറിച്ച് പൊതുവായ നിരീക്ഷണത്തിനും വിവരശേഖരണത്തിനുമായി അതതു വകുപ്പികളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും വിജിലൻസ് ഓഫീസർമാർ ശേഖരിക്കുന്ന വിവരങ്ങളുടെ പകർപ്പ് സർക്കാരിലേക്കും അതതു വകുപ്പുതലവന്മാർക്കും അയയ്ക്കുന്നതിനോടൊപ്പം |

തന്നെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലേയ്ക്കും അയച്ചു കൊടുക്കുന്നതിന് 3.5.2012 ലെ സർക്കുലർ നമ്പർ.5213/ ഇ3/12/വിജി. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന അഴിമതി കേസുകൾ എത്രയും വേഗം വിചാരണ നടത്തുന്നതിനായി പുതിയ വിജിലൻസ് കോടതികൾ സ്ഥാപിക്കാനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ഏതെല്ലാം വിജിലൻസ് കോടതികൾ, എത്ര ക്രമക്കേടുകളും, അഴിമതികളും സംബന്ധിച്ച് പരാതികൾ അന്വേഷിക്കാനായി നിർദ്ദേശിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിജിലൻസ് കോടതികൾ അന്വേഷിക്കാൻ നിർദ്ദേശിച്ചിട്ടുള്ള പരാതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജി, തിരുവനന്തപുരം | 35. |
| 2. | എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജി, കോട്ടയം | 13 |
| 3. | എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജി, തൃശ്ശൂർ | 103 |
| 4. | എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജി, കോഴിക്കോട് | 19 |

സെക്ഷൻ ആഫീസർ